Federation of
Film Societies of India
Keralam

FFSI news

March
2016



# പി കെ നായർ

## സിനിമയെ പ്രണയിച്ച മനുഷ്യൻ

1961-ൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് അസിസ്റ്റന്റ് ആയിട്ടാണ് പി.കെ.നായർ പ്രവർത്തിച്ചു തുടങ്ങിയത്. അതിനുമുമ്പ് സിനിമയോടുള്ള പ്രണയംകൊണ്ട് സംവിധായകനോ സിനിമയുടെ മറ്റേതെങ്കിലും മേഖലയിലെ വിദഗ്ധനാകാനോ പരിശ്രമിച്ചു. പക്ഷെ, അത് തനിക്ക് വഴങ്ങുന്നതല്ലെന്ന് തിരിച്ചറിഞ്ഞതുകൊണ്ടോ, അതോ അതിനുമപ്പുറമുള്ള ആനന്ദവും സംതൃപ്തിയും നൽകുന്ന പഠനങ്ങളിലേക്കും അന്വേഷണങ്ങളിലേക്കും കൂടുതൽ താല്പര്യം ജനിച്ചതുകൊണ്ടോ എന്നറിയില്ല അദ്ദേഹം സിനിമയുടെ കാവൽക്കാരനും സംരക്ഷകനുമായത്.

വിസ്മൃതിയുടെ തമോഗർത്തത്തിലേക്ക് എന്നേക്കുമായി അടയ്ക്കപ്പെട്ടുമായിരുന്ന നിരവധി സിനിമകൾ, പ്രത്യേകിച്ച് നിശബ്ദസിനിമയുടെ കാലത്തെ സൃഷ്ടികൾ, എവിടെനിന്നൊക്കെയോ കണ്ടെടുത്ത്, സാങ്കേതികമായ തുടച്ചുമിനുക്കലുകൾ നടത്തി ഫിലിം ആർക്കൈവ്സിൽ സൂക്ഷിച്ചത് പി.കെ.നായരാണെന്ന് നമ്മൾ - സ്നേഹവും നന്ദിയുമില്ലാത്ത സ്വാർത്ഥമതികൾ - സൗകര്യപൂർവ്വം ഒരു പക്ഷേ മറന്നേക്കാം. ദാദാ സാഹേബ് ഫാൽക്കെയുടെ 'രാജാഹരിശ്ചന്ദ്ര' കണ്ടെടുത്ത് ആർക്കൈവ്സിൽ സൂക്ഷിച്ചത് പി.കെ. നായരാണ്. ഒരുപക്ഷേ ഫാൽക്കെയെ സിനിമയുടെ ചരിത്രത്തിൽ ശ്രേഷ്ഠമായ സ്ഥലത്ത് പ്രതിഷ്ഠിച്ചതും നമുക്ക് ആ സിനിമ കാണിച്ചുതന്നതും അദ്ദേഹമാണ്. മലയാളത്തിന്റെ 'മാർത്താണ്ഡവർമ്മ' സിനിമയും കണ്ടെടുത്ത് ചരിത്രത്തിന്റെ പെട്ടിയിൽ കരുതലോടെ സൂക്ഷിച്ചതും അദ്ദേഹമാണ്.

1943-ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ പുരസ്കാരം നേടിയ ചേതൻ ആനന്ദിന്റെ 'നീച്ചാനഗർ' എന്ന സിനിമ ഒരു കേട്ടുകേൾവിമാത്രമായിരുന്നു. സത്യജിത്റായിയുടെ ക്യാമറാമാനായ സുബ്രതൊ മിത്രയാണ് കല്ക്കത്ത തെരുവുകളിലെ ഏതോ ആക്രിക്കടയിൽനിന്ന് 'നീച്ചാനഗർ' എന്ന സിനിമയുടെ ഒരു പ്രിന്റ് ആകസ്മികമായി കണ്ടെടുക്കുന്നത്. 100രൂപയ്ക്കാണ് അദ്ദേഹം അത് വാങ്ങി പി.കെ.നായരെ ഏൽപ്പിക്കുന്നത്. അങ്ങനെയാണ് 'നീച്ചാനഗർ'നമ്മൾ കാണുന്നത്. കാൻ ഫിലിം ഫെസ്റ്റിവലിൽ അവാർഡ് ലഭിച്ച ഏക ഇന്ത്യൻ സിനിമ ഇന്നും 'നീച്ചാനഗർ' ആണ്.

ലോകസിനിമയിലേയും ഇന്ത്യൻ സിനിമയിലേയും മികച്ച ക്ലാസിക്കുകൾ പൂനെ ആർക്കൈവ്സിൽ എത്തിക്കുകയും ഒരു പ്രിന്റ് സംരക്ഷിക്കുകയും മറ്റൊരെണ്ണം ഇൻസ്റ്റിറ്റ്യൂട്ടുകളടക്കം ഫിലിംസൊസൈറ്റികൾക്ക് പ്രദർശനത്തിനായി വിട്ടുകൊടുക്കുകയും ആ സിനിമകളെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഇന്ത്യയിൽ ഒരു ബദൽ ചലച്ചിത്രസം

സ്കാരം രൂപപ്പെടുത്തുന്നതിൽ അദ്ദേഹം തന്റെ പങ്കുവഹിച്ചത്. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനങ്ങൾക്കിടയിൽ ഫിലിം ആർക്കൈവ്സിൽ സിനിമകൾ തുടർച്ചയായി കാണുന്നതിനും ഓരോ സിനിമകളെക്കുറിച്ചുമുള്ള രാഷ്ട്രീയ-സാംസ്കാരിക-സൗന്ദര്യശാസ്ത്രനിരീക്ഷണങ്ങൾ പി.കെ.നായരിൽനിന്ന് ലഭിക്കുന്നതിനും അവസരം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ പലരും പില്ക്കാലത്ത് സിനിമയുടെ വിവിധരംഗങ്ങളിൽ മികവ് പ്രകടിപ്പിച്ചുകൊണ്ട് തങ്ങളുടെ സാന്നിധ്യമുറപ്പിക്കുകയും ചെയ്തപ്പോഴും അവരിൽ പലരും അദ്ദേഹത്തെ ആദരവോടെ സ്വന്തം ഗുരുസ്ഥാനീയനായി സ്നേഹിച്ചു. ഇന്നത്തെപ്പോലെ ഡിജിറ്റൽ സാങ്കേതികവിപ്ലവത്തിന്റെ സാദ്ധ്യതകൾ ഏറെ ജനകീയവും പ്രാപ്യവുമല്ലാതിരുന്ന അക്കാലത്ത് ലോകത്തിന്റെ ഏതു കോണിലും നടക്കുന്ന നൂതന ചലച്ചിത്രപരീക്ഷണങ്ങളെക്കുറിച്ച് അറിയാനും പഠിക്കാനും കഴിയുന്നത്ര സിനിമകളുടെ പ്രിന്റുകൾ ആർക്കൈവ്സിൽ എത്തിക്കാനായി അദ്ദേഹം പുലർത്തിയ ശുഷ്കാന്തിയും പ്രതിബദ്ധതയും ഒരു രാജ്യം ആദരവോടെയും നന്ദിയോടെയും ഓർമ്മിക്കേണ്ടതുണ്ട്. പണ്ട് നിലനിന്നിരുന്ന ഫിലിം ഇറക്കുമതി നിയമങ്ങളുടെ നൂലാമാലകൾ മറികടക്കാൻ നായർസാർ സ്വീകരിച്ചിട്ടുള്ള കുറുക്കുവഴികളും വളഞ്ഞവഴികളും എല്ലാ അർത്ഥത്തിലും പ്രണയിനിയെ സ്വന്തമാക്കാൻ ഒരു കാമുകൻ സ്വീകരിക്കുന്ന വഴികളെ ഓർമ്മിപ്പിക്കും. ചില ഫിലിം ഫെസ്റ്റിവലുകളിലും ഫിലിം ആർക്കൈവ്സുകളിലും സഞ്ചരിച്ചു തിരിച്ചുവരുമ്പോൾ ചില പ്രിന്റുകൾ പെട്ടിയിലെ വസ്ത്രങ്ങൾക്കിടയിലും ശരീരത്തിലുമൊക്കെ ഒളിപ്പിച്ചു കടത്തിയ കഥകളൊക്കെ പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ചില ലോകപ്രശസ്ത ഹ്രസ്വചിത്രങ്ങളും ക്ലാസിക്കുകളും അങ്ങനെ പലതവണയായി കള്ളക്കടത്തുകാരന്റെ സൂക്ഷ്മതയോടെ അദ്ദേഹം ആർക്കൈവ്സിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെയാണ് പല സിനിമകളും നമ്മൾ കണ്ടത്.

ഫിലിം സൊസൈറ്റി പ്രവർത്തകരും ചലച്ചിത്രവിദ്യാർത്ഥികളും അക്കാര്യത്തിൽ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. അദ്ദേഹം സിനിമകൾ ശേഖരിച്ചു സൂക്ഷിക്കുക മാത്രമല്ല ചെയ്തത്. സിനിമ കേവല വിനോദോപാധി മാത്രമല്ലെന്നും, മാനവികതയെ ഉയർത്തിപ്പിടിക്കുന്ന സാമൂഹ്യമാറ്റത്തിനുള്ള ശക്തമായ ആയുധമാണെന്നുമുള്ള തിരിച്ചറിവാണ് അദ്ദേഹത്തെ നയിച്ചത്. നല്ല മനുഷ്യരെയും നല്ല സമൂഹത്തെയും രൂപപ്പെടുത്തുന്നതിൽ കാഴ്ചയുടെ ആരോഗ്യകരമായ സംസ്കാരത്തിന് വളരെ പ്രാധാന്യമുള്ളതുകൊണ്ട്, നല്ല സിനിമകളുണ്ടാവുന്നതിന്റെ ഒപ്പം സിനിമാസ്വാദനത്തിന്റെ പരിശീലനക്കളരികളും വേണ്ടതുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അങ്ങിനെയാണ് പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിൽ, അദ്ദേഹത്തിന്റെയും പ്രൊഫ.സതീഷ് ബഹദൂറിന്റെയും നേതൃത്വത്തിൽ ഹ്രസ്വകാല ചലച്ചിത്രാസ്വാദന ക്ലാസ്സുകൾ എല്ലാവർഷവും നടത്താനാരംഭിച്ചത്. കൂടാതെ അതിന്റെ ചെറുപതിപ്പുകൾ ഇന്ത്യയുടെ പലഭാഗങ്ങളിലും ഫിലിം സൊസൈറ്റികളുടെ സഹകരണത്തോടെ നടത്തിയിരുന്നു.

കേരളത്തിലെ ഫിലിം ഫെസ്റ്റിവലുകൾക്ക് ഒരു രൂപരേഖയും അടിത്തറയും ഉണ്ടാക്കുന്നതിൽ ആദ്യകാലങ്ങളിൽ പി.കെ.നായർ വഹിച്ച പങ്ക് ആർക്ക് മറക്കാനാവും? സിഡിറ്റിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആദ്യം നടന്ന ഐ.വി ഫെസ്റ്റിന്റെ (IV FEST) ഡയറക്ടർ പി.കെ.നായരായിരുന്നു. പിന്നീട് IFFK ആരംഭിക്കുമ്പോൾ അതിന്റെ ഡയറക്ടർ ആയിരുന്നു. ഫിലിം ആർക്കൈവ്സ്നെയും മറ്റ് ഏജൻസികളെയും ആശ്രയിച്ചാണ് ആദ്യ ഫെസ്റ്റിവൽ നടന്നത്. ഫിലിം ഫെസ്റ്റിവലുകളിലെ നിത്യസാന്നിധ്യമായിരുന്നു എന്നും അദ്ദേഹം. കുറേ വർഷങ്ങളായി അദ്ദേഹത്തെ ഫിലിം ഫെസ്റ്റിവലിൽ കാണുന്നത്, ഒന്നുകിൽ വാക്കിങ് സ്റ്റിക്കിന്റെ സഹായത്തോടെ അല്ലെങ്കിൽ വീൽചെയറിൽ ഒരു സഹായിക്കൊപ്പം. അപ്പോഴും ഇരുട്ടിൽ ഒരു ചെറിയ ടോർച്ചും ഒരു ഡയറിയുമായി ഇരുന്ന് സിനിമകൾക്കിടയിൽ കുറിപ്പുകളെടുക്കുന്ന പി.കെ.നായരെ എല്ലാവരും അത്ഭുതത്തോടെയും ആദരവോടെയുമാണ് കണ്ടിരുന്നത്.

ഏറ്റവും അവസാനമായി വേദനയോടെ, നിരാശയോടെ, കുറ്റബോധത്തോടെ ഫിലിം സൊസൈറ്റി ഫെഡറേഷൻ കേരള ഘടകത്തിന്റെ അനുഭവംകൂടി ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച കഴിഞ്ഞ വർഷം പി.കെ. നായരെ ആദരിച്ചുകൊണ്ട് സത്യജിത്റായിയുടെ പേരിൽ ഒരു അവാർഡ് നൽകണമെന്നും അതിനായി ഒരു പ്രത്യേക പരിപാടി ഒരുക്കണമെന്നും അദ്ദേഹത്തെ ക്ഷണിക്കണമെന്നും തീരുമാനിച്ചിരുന്നു. അദ്ദേഹത്തിന് പൂനയിൽനിന്ന് വരാൻ സൗകര്യമുള്ള സമയം തീരുമാനിച്ച് പുരസ്കാരസമർപ്പണം നടത്താനാണ് നിശ്ചയി









ച്ചിരുന്നത്. അദ്ദേഹംതന്നെ നിശ്ചയിച്ച ഓരോ തീയതിയും സ്ഥലവും അദ്ദേഹത്തിന്റെതന്നെ അസൗകര്യവും യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ടുകളും കാരണം മാറ്റിവയ്ക്കേണ്ടി വന്നു. എറണാകുളത്തും തിരുവനന്തപുരത്തുമൊക്കെ അദ്ദേഹത്തിന്റെ സൗകര്യാർത്ഥം ഞങ്ങൾ പരിഗണിച്ചു. തിരുവനന്തപുരം ചലച്ചിത്രമേളയിൽ എന്താണെങ്കിലും എത്തുമെന്ന് അറിയിച്ചു. പരിപാടിയുടെ സ്ഥലവും തീയതിയും തീരുമാനിച്ചതിനു ശേഷം അവാർഡ് വാർത്ത അനൗൺസ് ചെയ്താൽമതിയെന്ന് അദ്ദേഹവും കമ്മിറ്റിയും തീരുമാനിച്ചതുകൊണ്ട് ആ തീരുമാനം ആരുമറിഞ്ഞതുമില്ല. മാർച്ച് മുതൽ തിരുവനന്തപുരത്തേക്ക് സ്ഥിരതാമസത്തിനായി വരുന്നുവെന്നും ഒരിക്കൽ പറഞ്ഞു. ഒന്നും നടന്നില്ല. അദ്ദേഹത്തിന് ഒരിക്കലും ലഭിക്കാതെപോയ പുരസ്കാരങ്ങൾക്കൊപ്പം ഇതും ഒരു വേദനയായി അവശേഷിക്കുന്നു. എല്ലാ അവഗണനകൾക്കുമപ്പുറമായിരുന്നു അദ്ദേഹം സിനിമയെ പ്രണയിച്ചുകൊണ്ട് സഞ്ചരിച്ചതെന്ന് നമുക്ക് മനസ്സിലാകും. അദ്ദേഹം ഒന്നിനും ആരോടും പരാതി പറഞ്ഞില്ല. ഇന്ത്യൻ ചലച്ചിത്രലോകവും ഫിലിം സൊസൈറ്റികളും ആ സിനിമാ മനുഷ്യനെ ആദരവോടെ, സ്നേഹത്തോടെ ഓർമ്മിക്കും. ●

# എസ്. സുരേഷ്ബാബു

## ഫിലിം സൊസൈറ്റികളുടെ സുഹൃത്ത്



കേരളത്തിലെ ഫിലിം സൊസൈറ്റി പ്രവർത്തകരുടെ സുഹൃത്തും നേതാവുമായിരുന്നു സുരേഷ്ബാബു. ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ നിരവധി പദ്ധതികളിലൂടെ ഏകോപിപ്പിക്കുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തു. KSLO മുൻ സെക്രട്ടറി ഡി.ചന്ദ്രസേനന്റെ പിന്തുടർച്ചക്കാരനായാണ് സുരേഷ്ബാബു ചുമതലയേറ്റത്. കേരളത്തിലെ ഫെഡറേഷന് ആസ്ഥാനമുണ്ടാവുകയും ഫെഡറേഷൻ ഒരു സാംസ്കാരിക സാന്നിധ്യമായി തിരിച്ചറിയപ്പെടാൻ തുടങ്ങുകയും ചെയ്തിടത്തുനിന്നാണ് സുരേഷ്ബാബു തന്റെ നിശബ്ദവും കർമ്മകുശലവുമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയത്. കനറാ ബാങ്കിലെ ഉദ്യോഗസ്ഥനായിരുന്ന സുരേഷ്ബാബു ബാങ്കിലെ കലാസാംസ്കാരികസംഘടനയായ ബീമിന്റെ സജീവ പ്രവർത്തകനായിരുന്നു. ബീമിന്റെ നാടകപ്രവർത്തനങ്ങളിലും ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളിലും സുരേഷ്ബാബു നേതൃത്വപരമായ പങ്കുവഹിച്ചിരുന്നു. ബീമിന്റെ പ്രതിനിധിയായാണ് സുരേഷ്ബാബു KSLO സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. എല്ലാ പ്രവർത്തകരെയും ഒരു ടീമായി കൊണ്ടുപോകുകയും കൂട്ടായ്മയിലൂടെ പുതുതായി ആസൂത്രണം ചെയ്യുന്ന പദ്ധതികളെ വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുകയും ചെയ്തു. പ്രതിബദ്ധതയും കഠിനശ്രമങ്ങളുംകൊണ്ട് സുരേഷ്ബാബു ഫിലിം സൊസൈറ്റികളുടെ പ്രിയപ്പെട്ട സുഹൃത്തായി. ഫെഡറേഷന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയിരുന്ന ദൃശ്യതാളം, മലയാളം സിനിമകൾക്കുവേണ്ടിയുള്ള ജോൺ അബ്രഹാം അവാർഡ്, ദേശീയതലത്തിൽ ശ്രദ്ധേയമായ ഡോക്യുമെന്ററി-ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (SIGNS) എന്നിവയ്ക്കൊക്കെ സുരേഷ്ബാബുവിന്റെ സംഭാവന വലുതായിരുന്നു. ഫെഡറേഷൻ പ്രവർത്തകരുടെയും ശ്രമഫലമായി കേരള സർക്കാർ ആരംഭിച്ച ചലച്ചിത്ര അക്കാദമിയുടെ ആദ്യ ജനറൽ കൗൺസിലിൽ ഫെഡറേഷനെ പ്രതിനിധീകരിച്ച് സുരേഷ്ബാബു അംഗമായിരുന്നു. ഫിലിം സൊസൈറ്റി പ്രവർത്തകരുമായും ചലച്ചിത്രസമൂഹവുമായും സജീവവും സ്നേഹോഷ്മളവുമായ ബന്ധം നിലനിർത്തുന്നതിൽ സുരേഷ്ബാബു എന്നും ശ്രദ്ധാലുവായിരുന്നു. ഫെഡറേഷന്റെ ഔദ്യോഗിക ഭാരവാഹിത്വത്തിൽ ഇല്ലാതിരുന്നപ്പോഴും സുരേഷ്ബാബു നിരന്തരമായി പല തലങ്ങളിലും പ്രവർത്തിച്ചുകൊണ്ടാണിരുന്നത്. സുരേഷ്ബാബുവിന്റെ അകാലനിര്യാണത്തോടെ ഫിലിം സൊസൈറ്റികൾക്ക് ഒരു സുഹൃത്തിനെയും സഹായിയെയും നഷ്ടമായി.

# ജോൺ അബ്രഹാം അവാർഡ്

2015 ലെ ഏറ്റവും നല്ല മലയാളചലച്ചിത്രത്തിന് ഫെഡറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ജോൺ അബ്രഹം പുരസ്കാരം നിർണ്ണയിക്കുന്നതിനായി 2016 ഫെബ്രുവരി 25, 26, 27 തീയതികളിൽ അക്കാദമിയുടെ മിനി തീയറ്ററിൽ സ്ക്രീനിങ്ങ് നടന്നു. ശ്രീമതി ബീനാപോൾ വേണുഗോപാൽ ചെയർപേഴ്സണും ഡോ. സി.എസ്. വെങ്കിടേശ്വരൻ, ശ്രീ. കെ.എം.കമൽ എന്നിവർ അംഗങ്ങളും ശ്രീ.കെ.പ്രഭാകരൻ മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് പുരസ്കാരങ്ങൾ നിശ്ചയിച്ചത്. പ്രാഥമിക തെരഞ്ഞെടുപ്പിനുശേഷം 10 ചിത്രങ്ങളാണ് ജൂറിയ്ക്കുവേണ്ടി പ്രദർശിപ്പിച്ചത്.







ശ്രീ.പി.എസ്. മനു സംവിധാനം ചെയ്ത 'മൺറോത്തുരുത്ത്' ഏറ്റവും നല്ല ചിത്രമായി തെരഞ്ഞെടുത്തു. മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണസമസ്യകളെ അവതരിപ്പിക്കുന്നതിലെ മികവും ചലച്ചിത്രത്തിന്റെ സാങ്കേതികവും ലാവണ്യപരവുമായ എല്ലാ മേഖലകളിലുമുള്ള കൈയ്യടക്കവും ഒരു ഭാവി സംവിധായകപ്രതിഭയുടെ തിളക്കത്തെയാണ് കാണിക്കുന്നതെന്ന് ജൂറി അഭിപ്രായപ്പെട്ടു.

ഡോ.എസ്. സുനിൽ സംവിധാനംചെയ്ത 'മറുഭാഗം', സനൽകുമാർ ശശിധരൻ സംവിധാനംചെയ്ത 'ഒഴിവുദിവസത്തെ കളി' എന്നിവ ജൂറിയുടെ പ്രത്യേക പരാമർശത്തിനർഹമായി. മനുഷ്യാവസ്ഥ നേരിടുന്ന ഹാംലറ്റിയൻ ഭാവപരിസരത്തെ പരീക്ഷണാത്മകമായ രീതിയിൽ അവതരിപ്പിക്കുകയാണ് 'മറുഭാഗം'. രാഷ്ട്രീയവും സാമൂഹ്യവുമായി വളരെ സമകാലികപ്രസക്തിയുള്ള ഒരു പ്രമേയത്തെ ചട്ടലവും നാടകീയവുമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു 'ഒഴിവുദിവസത്തെ കളി.' എന്ന ചിത്രത്തിൽ.



## ഓപ്പൺ ഫോറം

2015 ഡിസംബർ 4 മുതൽ 11 വരെ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ (ഐ.എഫ്.എഫ്.കെ) ഭാഗമായി നാല് ദിവസം ഫെഡറേഷൻ ഓപ്പൺ ഫോറം സംഘടിപ്പിച്ചിരുന്നു. ഡിസംബർ 5,7,9,10 തീയതികളിൽ നടന്ന ഓപ്പൺ ഫോറം പങ്കാളിത്തംകൊണ്ട് സമ്പന്നമായിരുന്നു. പ്രത്യേകിച്ചും 10-ാം തീയതി യുവാക്കൾക്കായി നീക്കിവച്ചിരുന്ന സംവാദത്തിൽ വേദി നിറഞ്ഞുകവിയുന്ന തരത്തിലായിരുന്നു ചെറുപ്പക്കാർ പങ്കെടുത്തത്. വിവിധ ദിവസങ്ങളിൽ ശ്രീ. സി.എസ് . വെങ്കിടേശ്വരൻ, എം.ജി. രാധാകൃഷ്ണൻ, ഗൗരീദാസൻ നായർ എന്നിവർ മോഡറേറ്റർമാരായിരുന്നു. സംഘാടനം ഫിലിം സൊസൈറ്റി ഫെഡറേഷനായിരുന്നെങ്കിലും ചെലവ് വഹിച്ചത് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ആയിരുന്നു.

# ചലച്ചിത്രാസ്വാദന പഠന ഫാക്കൽറ്റി ക്യാമ്പ്

## ഫെബ്രുവരി 28,29 തിരുവനന്തപുരത്ത്

ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ഇപ്പോൾ നടത്തിവരുന്ന ചലച്ചിത്രാസ്വാദന-പഠന ക്യാമ്പുകളുടെ ഉള്ളടക്കവും ഘടനയും പരിശോധിക്കുകയും വേണ്ട മാറ്റങ്ങൾ വരുത്തുകയും നിലവിൽ ഫാക്കൽറ്റിയായി പ്രവർത്തിക്കുന്നവരെക്കൂടാതെ പുതിയ അദ്ധ്യാപകരെ കണ്ടെത്തുകയും ചെയ്തുകൊണ്ടാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിൽ 23 പേർ പങ്കെടുത്തു. അഞ്ചുപേർക്ക് അവസാനനിമിഷം പങ്കെടുക്കാനായില്ല. എങ്കിലും അവരും ഏതെങ്കിലും വിഷയത്തിൽ ക്ലാസെടുക്കാനുള്ള സന്നദ്ധത അറിയിച്ചു. രണ്ടുദിവസത്തെ വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന വിഷയങ്ങളുടെ ഉള്ളടക്കം തയ്യാറാക്കാനും ക്ലാസുകൾ എടുക്കാനും ഓരോരുത്തരെ ചുമതലയേൽപ്പിച്ചു.

| | SUBJECTS FINALISED | | PERSONS ENTRUSTED |
|---|---|---|---|
| 1. | History of World Cinema | - | Vijayakrishnan |
| 2. | History of Indian Cinema | - | C.S.Venkiteswaran |
| 3. | History of Malayalam Cinema | - | P.S. Radhakrishnan, M.F. Thomas |
| 4. | Film Language – Basic Theory | - | Neelan, K.M.Kamal |
| 5. | Aesthetics of Sound | - | Krishnanunni, Dr.G.R. Santhosh Kumar |
| 6. | Film Theory | - | Madhu Eravankara |
| 7. | Reading Cinema: Politics, Culture, Ideology | - | V.K.Joseph |
| 8. | State, Power and Cinema | - | G.P. Ramachandran, Dr.G.R. Santhosh Kumar |
| 9. | Gender and Sexuality | - | Deedi Damodaran, Priya Nair, Bindu V.S |
| 10. | Editing and its Language of Rhythm | - | B Ajithkumar, Bina Paul |
| 11. | History and Politics of Documentaries | - | Baburaj, Madhu Janardhanan |
| 12. | Cinema as Visual Design | - | Razi |
| 13. | Film Society Movement History and perspective | - | Reji M.Damodaran |
| 14. | Caste identity in Indian Cinema | - | K.P. Jayakumar, Harinarayanan |
| 15. | Technology and Aesthetics of Cinematography | - | Sunny Joseph, K.G. Jayan |
| 16. | Film and Performing Arts | - | Neelan, V.S. Bindu |
| 17. | Film and Literature | - | Madhu Eravankara, P.S. Radhakrishnan |
| 18. | Cinema and Television | - | Neelan |
| 19. | Film and New Media | - | C.S. Venkiteswaran, P.S.Radhakrishnan |
| 20. | Film and Society | - | V.K.Joseph |
| 21. | Reception and Spectator | - | Premchand |
| 22. | Economics of Cinema | - | Aju Narayanan |
| 23. | Film and Cultural Studies | - | Aju Narayanan, Cherry Jacob |
| 24. | Film Appreciation | - | I. Shanmughadas, |
| 25. | Film Criticism | - | Anwar Abdulla, C.S. Venkiteswaran |
| 26. | Film – Cognitive approach | - | Dr. G.R. Santhosh Kumar |
| 27. | Script to Screen | - | RVM Divakaran,K M .Kamal , Priya Nair |
| 28. | Film Nationalism and National Cinema | - | C.S. Venkiteswaran, P.S. Radhakrishnan |

ചുമതലപ്പെടുത്തിയിരിക്കുന്ന ഒരോ ഗ്രൂപ്പും ഉള്ളടക്കം ഫിലിം ക്ലിപ്പിങ്സ് അടക്കം തയ്യാറാക്കി, വീണ്ടും യോഗം ചേർന്ന് ചർച്ചചെയ്ത് അവസാനരൂപം നൽകാനും തീരുമാനിച്ചു. ഇങ്ങനെ തയ്യാറാക്കുന്ന ഉള്ളടക്കവും ഫാക്കൽറ്റിയും സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലുള്ള ഉപയോഗത്തിനായി നൽകുന്നതിനുള്ള ചർച്ചകൾ ബന്ധപ്പെട്ട അധികൃതരുമായി നടത്തുന്നതിനും തീരുമാനിച്ചു. കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടന്നുവരുന്ന ചലച്ചിത്രപഠനങ്ങളെ ഇത് ഗുണപരമായി തീർച്ചയായും മെച്ചപ്പെടുത്തുമെന്ന് ഫെഡറേഷൻ കരുതുന്നു.




കൊച്ചിയിൽ സെന്റ് തെരേസാസ് കോളേജ്, ചിൽഡ്രൺസ് പാർക്ക് എന്നീ രണ്ടു വേദികളിലായി 2015 ഒക്ടോബർ 21 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ നടന്നു. കൊച്ചി ബിനാലെ, ഏഷ്യാനെറ്റ് ന്യൂസ് ടെലിവിഷൻ എന്നിവയുടെ സഹകരണം ഉണ്ടായിരുന്നു. മാദ്ധ്യമപ്രവർത്തകനും സംവിധായകനും നടനുമായ ശശികുമാർ മേള ഉദ്ഘാടനം ചെയ്തു. ഫാസിസ്റ്റ് ശക്തികളുടെ വെടിയുണ്ടകൾക്കിരയായ പ്രൊഫ.കൽബുർഗി, ഗോവിന്ദ് പൻസാരെ, നരേന്ദ്ര ധബോൽക്കർ എന്നിവർക്കാണ് ഈ മേള സമർപ്പിച്ചിരുന്നത്. ഉദ്ഘാടനസമ്മേളനത്തെ തുടർന്ന് പ്രശസ്ത ഗസൽ ഗായകൻ ഗുലാം അലിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് റഫീക് യൂസഫിന്റെ ഗസൽ കച്ചേരിയും നടന്നു.

194 എൻട്രികളാണ് ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുത്ത 49 ചിത്രങ്ങൾ മത്സരവിഭാഗത്തിലും 37 ചിത്രങ്ങൾ ഫോക്കസ് വിഭാഗത്തിലും പ്രദർശിപ്പിച്ചു. പുറമെ ജൂറി ഫിലിംസ് (8) സിനിമ ഓഫ് റസിസ്റ്റൻസ് (3) സിനിമ ഓഫ്/ആസ് പെർഫോമൻസ് (11) ആർട്ടിസ്റ്റിക് സിനിമ (17) ഡയറക്ടേഴ്സ് ചോയ്സ് (5) എന്നീ പാക്കേജുകളും ഉണ്ടായിരുന്നു. ഹോമേജ് വിഭാഗത്തിൽ News from Home (Chental Akermen), Life among Mangroves (Kallen Pokkudan) എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. എല്ലാദിവസവും ഓപ്പൺ ഫോറം ഉണ്ടായിരുന്നു. 24-10-2015 ന് സെന്റ് തെരേസാസ് കോളേജ് ആഡിറ്റോറിയത്തിൽ ജോൺ അബ്രഹാം സ്മാരക പ്രഭാഷണം നടന്നു. പ്രശസ്ത എഴുത്തുകാരൻ ശ്രീ എൻ.എസ്. മാധവൻ 'Facist Thought and its Engagement with Cinema' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. 23-10-2015 ൽ കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് ഫിലിം സൊസൈറ്റി പ്രവർത്തകരുടെ ഒത്തുചേരലും സെമിനാറും നടന്നു. വി.കെ.ജോസഫ്, ജി.പി. രാമചന്ദ്രൻ, ഫാദർ ബെന്നി, കലാധരൻ, ചെലവൂർ വേണു, ജ്യോതി നാരായണൻ എന്നിവർ സംസാരിച്ചു. 22-10-2015-ൽ ചിൽഡ്രൺസ് പാർക്ക് ഓഡിറ്റോറിയത്തിൽ Cinema of Performance പാക്കേജിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് Filming Performance/Performers എന്ന വിഷയത്തിൽ കേളീ രാമചന്ദ്രന്റെ പ്രഭാഷണവും അന്നു വൈകുന്നേരം നാലുമണിക്ക് Politics of the Digital എന്ന വിഷയത്തിൽ സെമി നാറും നടന്നു. കെ.എം. കമൽ, അഞ്ജു നാരായണൻ, ചെറി ജേക്കബ്, ഡോ.സി.എസ്. വെങ്കിടേശ്വരൻ എന്നിവർ പങ്കെടുത്തു. ഒക്ടോബർ 24 ന് Artists' Cinema എന്ന വിഷയത്തിൽ റിയാസ് കോമുവുമായി അഭിമുഖവും ഒക്ടോബർ 25 ന് ജൂറി






KAPILA KAMAKSHI




PHUM SHANG MARUVILI

യുമായുള്ള സംവാദവും നടന്നു. ഒക്ടോബർ 25ന് സെന്റ് തെരേസാസ് ഓഡിറ്റോറിയത്തിലായിരുന്നു സമാപനസമ്മേളനം. കെ.ആർ. മോഹനൻ അദ്ധ്യക്ഷനായിരുന്നു. ദീപാ ധൻരാജ് (ചെയർ പെഴ്സൺ), ഗീതാഞ്ജലി റാവു, ചലച്ചിത്ര സംവിധായകൻ അമൽ നീരദ്, നടി അനു മോൾ, കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ഏഷ്യാനെറ്റ് ന്യൂസിനെ പ്രതിനിധീകരിച്ച് ശ്രീ നന്ദഗോപാൽ, FFSI സെക്രട്ടറി ശ്രീ വി.കെ. ജോസഫ്, ആർട്ടിസ്റ്റിക് ഡയറക്ടർ ഡോ. സി.എസ്. വെങ്കിടേശ്വരൻ എന്നി വർ സംസാരിച്ചു. സൈൻസ് വിജയികൾക്കുള്ള അവാർഡുകളും മലയാള സിനിമയ്ക്കുള്ള ജോൺ അബ്രഹാം പുരസ്കാരവും സമാപനസമ്മേളനത്തിൽ വിതരണം ചെയ്തു.

## AWARDS

Best Documentary: KAPILA (Sanju Surendran)
Best Short Fiction: KAMAKSHI (Satinder Sing Bedi)
Cinema of Resistence: PHUM SHANG (Haobam Paban Kumar)
Cinema Experimenta: MAGIC PRINT (Sachin Sai)
Asianet News Award - Best Biopic: MARUVILI (Anwer Ali)
Special Mention: MOVING IN (Akhila Henry)
Special Mention: AUTO DRIVER (Mena Longjam)

ദീപ ധൻരാജ് ചെയർ പെഴ്സണും ഗീതാഞ്ജലി റാവു, ഓൻഡ്രില ഹസ്ര പ്രതാപൻ എന്നിവർ അംഗങ്ങളുമായ സ്ത്രീകൾ മാത്രമുള്ള ജൂറിയായിരുന്നു പുരസ്കാരനിർണ്ണയം നടത്തിയത്.

## CEC/CC മീറ്റിങ്ങ്

2015 ആഗസ്റ്റ് 21,22 തീയതികളിൽ ഭുവനേശ്വറിൽ വെച്ച് CEC/CC മീറ്റിങ്ങുകൾ നടന്നു. രണ്ട് ദിവസങ്ങളിലും ഭുവനേശ്വറിലെ പ്രശസ്ത സർവ്വകലാശാലയായ KIIT സർവകലാശാലാ കാമ്പസിലാണ് യോഗം നടന്നത്. ഇവിടെയുള്ള സ്കൂൾ ഓഫ് ഫിലിം & മീഡിയാ സ്റ്റഡീസിന്റെ നേതൃത്വത്തിലുള്ള ഫിലിം ക്ലബ്ബും യൂണിവേഴ്സിറ്റിയുമാണ് യോഗത്തിന് ആതിഥ്യമരുളിയത്. യൂണിവേഴ്സിറ്റിയുടെ ഗസ്റ്റ്ഹൗസും കോൺഫറൻസ് ഹാളുകളും വിട്ടുതന്ന് അവർ ഫെഡറേഷന്റെ പ്രവർത്തനങ്ങളെ സഹായിച്ചു. CC മീറ്റിങ്ങിൽ 30 അംഗങ്ങൾ പങ്കെടുത്തു. ഇതിന് മുമ്പ് 2013 ആഗസ്റ്റിന് മധുരയിലും 2014 നവംബർ 2 ന് ദില്ലിയിലുമാണ് യോഗങ്ങൾ നടന്നത്.

ജനറൽ സെക്രട്ടറി പ്രേമേന്ദ്ര മജുംദാർ ക്യൂറേറ്റ് ചെയ്ത 13 രാജ്യങ്ങളിൽനിന്നുള്ള പുതിയ ചിത്രങ്ങളുടെ ഒരു പാക്കേജ്, എല്ലാ റീജിയനുകൾക്കും ലഭ്യമാക്കുന്ന തരത്തിൽ തയ്യാറായിട്ടുണ്ടെന്ന് കമ്മിറ്റിയെ അറിയിച്ചു. ഈ ചിത്രങ്ങൾക്ക് പ്രദർശനാനുമതിയും സെൻസർഷിപ്പ് ഇളവും ബന്ധപ്പെട്ടവരിൽനിന്ന് വാങ്ങിയിട്ടുണ്ട്. കേരളത്തിലേക്കും ഈ ചിത്രങ്ങൾ ചുരുങ്ങിയ കാലയളവിലേക്ക് ലഭിക്കുമെന്നുറപ്പ് നൽകിയിട്ടുണ്ട്.

FFSI സ്വതന്ത്രമായി നടത്തിക്കൊണ്ടിരിക്കുന്ന ഗോവ ഫെസ്റ്റവലിലെ ഓപ്പൺഫോറം ഇപ്പോൾ നമ്മുടെ നിയന്ത്രണത്തിലല്ലാതാക്കുകയും ഫെഡറേഷനെ അവഗണിച്ചുകൊണ്ട് ഏകപക്ഷീയമായി ഫെസ്റ്റിവൽ ഡയറക്ടറേറ്റ് മറ്റുള്ള ചില സംഘടനകളുമായി ചേർന്ന് നടത്താൻ തീരുമാനമെടുത്തതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. മാത്രമല്ല, മൂന്ന് നാലു വർഷങ്ങളായി ഫെഡറേഷന് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രഗ്രാന്റ് നിഷേധിക്കുകയും ചെയ്തുകൊണ്ട് അവഗണന ഇരട്ടിപ്പിച്ചിരിക്കുകയാണ്.

2016 മാർച്ച് 6 ന് ഗോഹാട്ടിയിൽ ഫെഡറേഷന്റെ CEC മീറ്റിംഗ് നടന്നു. സുവർണ ജൂബിലി ആഘോഷിക്കുന്ന ഗോഹാട്ടി ഫിലിം ക്ലബ്ബാണ് യോഗത്തിന് താമസവും ഭക്ഷണവുമടക്കമുള്ള ആതിഥ്യമരുളിയത്. പുതിയ ചില ഫിലിം പാക്കേജുകൾ ക്യൂറേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ജനറൽ സെക്രട്ടറി യോഗത്തെ അറിയിച്ചു.


Sanju Surendran


Haobam Paban Kumar


Akhila Henry


Anwer Ali


Satinder Sing Bedi


Mena Longjam


Sachin Sai

# ബുദ്ധദേബ് ദാസ് ഗുപ്ത തളിപ്പറമ്പ് സർ സെയ്ദ് കോളേജിൽ

പ്രശസ്ത ചലച്ചിത്രകാരൻ ബുദ്ധദേബ് ദാസ് ഗുപ്തയും ഫെഡറേഷന്റെ അഖിലേന്ത്യാ സെക്രട്ടറി പ്രേമേന്ദ്ര മജുംദാറും മാർച്ച് 11 ന് തളിപ്പറമ്പ് സർ സെയ്ദ് കോളേജിൽ നടന്ന ചലച്ചിത്രോത്സവത്തിൽ ഉദ്ഘാടകനും മുഖ്യാതിഥിയുമായി പങ്കെടുത്തു. മാർച്ച് 11,12,13 തീയതികളിലായി സർ സെയ്ദ് കോളേജിൽ മൂന്ന് ഓഡിറ്റോറിയങ്ങളിലായി കോളേജിലെ അന്തർദേശീയ ചലച്ചിത്രമേള നടന്നു.

എല്ലാ ദിവസവും ഓപ്പൺ ഫോറവും വിവിധ വിഷയങ്ങളിൽ സെമിനാറുകളും ഉണ്ടായിരുന്നു.

ഫെഡറേഷന്റെ സഹകരണത്തോടെയാണ് മേള നടന്നത്. വിദ്യാർത്ഥികളെക്കൂടാതെ പുറത്തുനിന്ന് പൊതുജനങ്ങളും ഈ മേളയിൽ പങ്കെടുത്തു. ഈ ചലച്ചിത്രമേളയും ബുദ്ധദേബിന്റെ സാന്നിദ്ധ്യവും വലിയ ആവേശമാണ് കോളേജിലും തളിപ്പറമ്പിലുമുണ്ടാക്കിയത്. വർഷങ്ങൾക്കു മുമ്പ് തളിപ്പറമ്പിൽ പ്രവർത്തിച്ചിരുന്ന ഋത്വിക് ഫിലിം സൊസൈറ്റിയെ വീണ്ടും സജീവമാക്കിക്കൊണ്ട് ഫെഡറേഷനിൽ അഫിലിയേഷൻ പുതുക്കാൻ തീരുമാനമായി. പ്രൊഫ. സൈനുൾ ഹക്ക്മാന്റെ നേതൃത്വത്തിലാണ് മേളയുടെ പ്രവർത്തനങ്ങൾ നടന്നത്.





# കുമാർ സാഹനി കേരളത്തിൽ





The World Comes to Angamaly

The three-day International Film Festival of Angamaly, organised by the Chitrasala Film Society, brings the most happening in world cinema

Express Features

മാർച്ച് 13 മുതൽ 23 വരെ കുമാർ സാഹനി കേരളത്തിൽ ഫെഡറേഷൻ ആസൂത്രണം ചെയ്ത നിരവധി പരിപാടികളിൽ പങ്കെടുത്തു. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മാർച്ച് 16-ന് പി.കെ.നായർ അനുസ്മരണം അദ്ദേഹം ഉദ്ഘാടനം ചെയ്തു. ഫെഡറേഷന്റെ സഹകരണത്തോടെ നാലു സ്ഥലങ്ങളിൽ പരിപാടികൾ നടന്നു.

തളിപ്പറമ്പ് സർ സെയ്ദ് കോളേജിൽ Visaualising Reality - Form and Content എന്ന വിഷയത്തിൽ കുമാർ സാഹനി പ്രഭാഷണം നടത്തി.



## തലശ്ശേരി ബ്രണ്ണൻ കോളേജ്

മാർച്ച് 20-ന് രാവിലെ 11 ന് തലശ്ശേരി ബ്രണ്ണൻ കോളേജിൽ നടന്ന ചലച്ചിത്ര പഠനക്യാമ്പും ചലച്ചിത്രമേളയും കുമാർ സാഹനി ഉദ്ഘാടനം ചെയ്തു. മേളയിൽ വിവിധ ദിവസങ്ങളിലായി ജി.പി.രാമചന്ദ്രൻ, വി.കെ.ജോസഫ്, സുദേവൻ, ഫറൂഖ് അബ്ദുൾ റഹ് മാൻ, മനോജ് കാന എന്നിവർ പങ്കെടുത്തു.

## അങ്കമാലി ചലച്ചിത്രോത്സവം

മാർച്ച് 18-ന് വൈകിട്ട് ഉദ്ഘാടനം ചെയ്തു. 18,19,20 തീയതികളിലായി നടന്ന ചലച്ചിത്രോത്സവത്തിൽ സാധാരണയിൽ കവിഞ്ഞ ജനപങ്കാളിത്തമുണ്ടായിരുന്നു.

മാർച്ച് 18,19,20 തീയതികളിൽ കൊയിലാണ്ടിയിൽ നടന്ന മലബാർ ചലച്ചിത്രോത്സവത്തിന്റെ സമാപനം കുമാർ സാഹനി ഉദ്ഘാടനം ചെയ്തു.

# മലബാർ ചലച്ചിത്രോത്സവം

ആദി ഫൗണ്ടേഷനും ചലച്ചിത്ര അക്കാദമിയും കൊയിലാണ്ടി മുനിസിപ്പാലിറ്റിയും ചേർന്നു സംഘടിപ്പിച്ച മൂന്നാമത് മലബാർ ചലച്ചിത്രോത്സവം മാർച്ച് 18,19,20 തീയതികളിൽ കൊയിലാണ്ടി ശ്രീകൃഷ്ണാ തിയേറ്ററിൽ നടന്നു. ഉത്തരായനം, സ്വരൂപം, അമീബ, മൺറോത്തുരുത്ത്, വെളുത്തരാത്രികൾ, ചായംപൂശിയ വീട്ട്, മറുഭാഗം എന്നിവയുൾപ്പടെ പതിനെട്ടാളം സിനിമകൾ പ്രദർശിപ്പിച്ചു. അരവിന്ദൻ, പി.കെ.നായർ, കലാഭവൻ മണി എന്നിവരെക്കുറിച്ചുള്ള സ്മാരകപ്രഭാഷണങ്ങളും ഓപ്പൺഫോറവും മേളയുടെ പ്രത്യേകതയായിരുന്നു. അരവിന്ദൻറെ തെരഞ്ഞെടുത്ത കാർട്ടൂണുകളുടെയും ഫോട്ടോകളുടെയും പ്രദർശനവുമുണ്ടായിരുന്നു. ചലച്ചിത്രകാരന്മാരായ കെ.ആർ. മനോജ്, റാസി, എസ്. സുനിൽ, മണിലാൽ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുത്തു.








18-ന് ചലച്ചിത്രതാരം ഇന്ദ്രൻസ് മേള ഉദ്ഘാടനം ചെയ്തു. പ്രശസ്ത എഴുത്തുകാരൻ കല്പറ്റ നാരായണൻ, എൻ. ശശിധരൻ, ഫെസ്റ്റിവൽ ഡയറക്ടർ ഡോ. സി.എസ്. വെങ്കിടേശ്വരൻ, സംവിധായൻ പി.എസ്. മനു, കൊയിലാണ്ടി മുനിസിപ്പൽ ചെയർമാൻ അഡ്വ. കെ. സത്യൻ, ഇബ്രാഹിം കുട്ടി, എൻ.ഇ. ഹരികുമാർ, യു. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു.

പ്രഗത്ഭ ചലച്ചിത്രകാരനായ കുമാർ സഹാനിയുടെ സാന്നിദ്ധ്യമായിരുന്നു മേളയുടെ പ്രധാന ആകർഷണം. 20-നുനടന്ന സമാപനസമ്മേളനത്തിൽ അദ്ദേഹമായിരുന്നു മുഖ്യപ്രഭാഷണം നടത്തിയത്. നടനും സംവിധായകനുമായ മധുപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ചലച്ചിത്രകാരനും FFSI കേരളഘടകം പ്രസിഡന്റുമായ ശ്രീ. കെ.ആർ മോഹനൻ, സെക്രട്ടറി വി.കെ.ജോസഫ്, ചെലവൂർ വേണു, ഡോ. സി.എസ്. വെങ്കിടേശ്വരൻ, കെ.ബി. വേണു, അഡ്വ. സത്യൻ, ഷിജു, എൻ.ഇ. ഹരികുമാർ, വി.കെ. സുധീർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.



# അരവിന്ദൻ

## അനുസ്മരണം പുരസ്കാരം




ചലച്ചിത്ര ഫിലിംസൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും ചിന്ത രവി ഫൗണ്ടേഷനും സംയുക്തമായി 2016 മാർച്ച് 13,14,15 തിയതികളിലായി തിരുവനന്തപുരത്ത് അരവിന്ദൻ അനുസ്മരണച്ചടങ്ങ് നടത്തി. അരവിന്ദന്റെ 25-ാം ചരമവാർഷികമായിരുന്നു മാർച്ച് 15. 13-ന് കനകക്കുന്ന് ഓഡിറ്റോറിയത്തിൽ വിവിധ വിഷയങ്ങളിൽ സെമിനാറുകളും ചർച്ചകളും നടന്നു. അടൂർ ഗോപാലകൃഷ്ണൻ , കാവാലം നാരായണപ്പണിക്കർ, കെ.പി.കുമാരൻ, ലീല അരവിന്ദൻ, ശശികുമാർ, കൃഷ്ണനുണ്ണി, ഹരികുമാർ, ഐ.ഷൺമുഖദാസ്, ഗൗരീദാസൻ നായർ, വേണു, സണ്ണിജോസഫ് കെ.ജി. ജയൻ, എം.ജെ. രാധാകൃഷ്ണൻ, എം.ജി രാധാകൃഷ്ണൻ, വിജയകൃഷ്ണൻ, നീലൻ, സി.എസ്. വെങ്കിടേശ്വരൻ, ടി.വി.ചന്ദ്രൻ, എം.പി. സുകുമാരൻനായർ, നെടുമുടി വേണു, ബാലചന്ദ്രൻ ചുള്ളിക്കാട്, കുമാർ സഹാനി, എൻ.എസ്.മാധവൻ തുടങ്ങിയവരാണ് വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾക്കും സെമിനാറുകൾക്കും നേതൃത്വം നല്കിയത്. 14,15 തീയതികളിലായി അരവിന്ദൻ സംവിധാനം ചെയ്ത 9 ചിത്രങ്ങൾ കലാഭവൻ തിയേറ്ററിൽ പ്രദർശിപ്പിച്ചു.

തിരുവനന്തപുരത്തെ ചലച്ചിത്ര ഫിലിം സൊസൈറ്റി നവാഗതസംവിധായകർക്കായി ഏർപ്പെടുത്തിയിട്ടുള്ള അരവിന്ദൻ പുരസ്കാരത്തിന് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടത് ശ്രീ പി.എസ്. മനു സംവിധാനം ചെയ്ത മൺറോത്തുരുത്ത് എന്ന ചിത്രമാണ്. ശ്രീ നിലഞ്ജൻ ദത്ത സംവിധാനം ചെയ്ത Head Hunter (Arunachal Pradesh) എന്ന ചിത്രം ജൂറിയുടെ പ്രത്യേക പരാമർശത്തിനർഹമായി. മാർച്ച് 15-ന് വൈകുന്നേരം കലാഭവൻ തീയേറ്ററിൽ നടന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്തു.

# പ്രാദേശിക ചലച്ചിത്രോത്സവങ്ങൾ

## സൂര്യ- തിരുവനന്തപുരം







Best of IFFK ഇനത്തിൽ 20 ചിത്രങ്ങളും 20 മലയാളചിത്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കോബാങ്ക് ആഡിറ്റോറിയത്തിൽ 2016 ഏപ്രിൽ 10 മുതൽ മേയ് നാലുവരെയായിരുന്നു സൂര്യയുടെ പ്രദർശനങ്ങൾ. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും ഫെഡറേഷന്റെയും സഹകരണത്തെടെയായിരുന്നു പ്രദർശനങ്ങൾ.

## കാണി ഫിലിം സൊസൈറ്റി

കാണി ചലച്ചിത്രോത്സവം 2015 നവംബർ 27, 28, 29 തീയതികളിൽ ചങ്ങരംകുളം കൃഷ്ണാമൂവീസിൽ നടന്നു. 12 കഥാചിത്രങ്ങളുൾപ്പെടെ 26 ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഇന്ത്യയിലേയും കേരളത്തിലേയും സാമൂഹ്യ രാഷ്ട്രീയാവസ്ഥകളുടെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. അതോടൊപ്പംതന്നെ സിനിമയിലെ പുതിയ പ്രവണതകൾ മനസ്സിലാക്കാൻ കഴിയുന്ന ചിത്രങ്ങളും പ്രദർശിപ്പിച്ചിരുന്നു.

## ഫീമെയിൽ ഫിലിം ഫെസ്റ്റിവൽ



കേരള സ്ത്രീപഠന കേന്ദ്രവും ഫീമെയിൽ ഫിലിം സൊസൈറ്റിയും ചേർന്ന് നടത്തുന്ന 5-ാമത് ഫീമെയിൽ ഫിലിംഫെസ്റ്റിവൽ തിരുവനന്തപുരത്ത് 2015 സെപ്റ്റംബർ 23 മുതൽ 27 വരെ നടന്നു. മാദ്ധ്യമപ്രവർത്തകനും ചെന്നൈ ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ചെയർമാനുമായ ശ്രീ ശശികുമാർ മേള ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് ലൈഫ് ടൈം അച്ചീവ്മെന്റിനുള്ള പി.കെ. റോസി പുരസ്കാരം ശ്രീമതി കവിയൂർ പൊന്നമ്മയ്ക്ക് സമ്മാനിച്ചു. ശ്രീ നീലൻ സംവിധാനം ചെയ്ത 'അമ്മ' ഉദ്ഘാടനചിത്രമായിരുന്നു.

## കൊച്ചിൻ ഫിലിം സൊസൈറ്റി

ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് 2015 നവംബർ 6, 7, 8 തീയതികളിൽ ജർമ്മൻ ഫിലിം ഫെസ്റ്റിവലിൽ 12 ചിത്രങ്ങളും നവംബർ 19, 20, 21, 22, തീയതികളിൽ അലയൻസ് ഫ്രാൻസൈസുമായി ചേർന്ന് 8 ചിത്രങ്ങളും പ്രദർശിപ്പിച്ചു. സൈബർകാലത്തെ സിനിമ സാദ്ധ്യതകൾ എന്ന വിഷയത്തിൽ വി.കെ.പ്രകാശ് പ്രഭാഷണം നടത്തി . പബ്ളിക് റിലേഷൻസ് വകുപ്പുമായി സഹകരിച്ച് മാർച്ച് 19, 20 തീയതികളിൽ കന്നട ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചിരുന്നു.

## നിഴലെഴുത്ത് - ഫിലിം സൊസൈറ്റി കൂട്ടായ്മ

കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് കട്ടപ്പന ദർശന ഫിലിം സൊസൈറ്റി 2015 സെപ്തംബർ 6 ന് തേക്കടിയിൽ ഫിലിം സൊസൈറ്റി പ്രവർത്തകരുടെ കൂട്ടായ്മ സംഘടിപ്പിച്ചിരുന്നു. കെ.പി. കുമാരൻ, വിജയകൃഷ്ണൻ, എം.എഫ്.തോമസ് എന്നിവരെക്കൂടാതെ കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഫിലിം സൊസൈറ്റി പ്രതിനിധികളും ഫെഡറേഷൻ ഭാരവാഹികളും കൂട്ടായ്മയിൽ പങ്കെടുത്തു. തുടർന്ന് ദി റോക്കറ്റ്, ഒമർ എന്നീ ചിത്രങ്ങളും പ്രദർശിപ്പിച്ചു.

## ജയപാലമേനോന് ഇൻസൈറ്റ് ഫിലിം സൊസൈറ്റിയുടെ പുരസ്കാരം

നല്ല സിനിമകളുടെ പ്രചാരത്തിനും കേരളത്തിൽ സമാന്തരസിനിമകളുടെ വ്യാപനത്തിനും നടത്തിയ നിസ്വാർത്ഥ സേവനത്തെ മാനിച്ച് പാലക്കാട് ഇൻസൈറ്റ് ഫിലിം സൊസൈറ്റി ശ്രീ ജയപാലമേനോന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ആദരിക്കുകയുണ്ടായി. 2015 ഒക്ടോബർ 15 ന് പാലക്കാട് ജില്ലാ ലൈബ്രറിഹാളിൽ നടന്ന ചടങ്ങിൽ ശ്രീ എം.ബി. രാജേഷ് എം.പി. അവാർഡ് സമ്മാനിച്ചു. ഷാഫി പറമ്പിൽ എം.എൽ.എ പൊന്നാടയണിച്ചു.

## കണ്ണൂർ ക്യൂബ് ഫിലിം സൊസൈറ്റി




വൈഡ് ആംഗിൾ എന്ന ചലച്ചിത്രാസ്വാദന ക്യാമ്പ് 2015 ഒക്ടോബർ 10 മുതൽ 12 വരെയായിരുന്നു. ചലച്ചിത്ര സംവാദം, ലോക-ഇന്ത്യൻ സിനിമകളുടെ ചരിത്രവും വികാസവും, നിരൂപണവും സിനിമയും, സിനിമയിലെ ദൃശ്യശ്രാവ്യ ബിംബങ്ങളുടെ വായന, ദൃശ്യബിംബങ്ങളുടെ രാഷ്ട്രീയ-സാംസ്കാരികവായനകൾ, സിനിമയിലെ സ്ത്രീ പ്രതിനിധാനങ്ങളും സാന്നിദ്ധ്യവും, ഡോക്യുമെന്ററി നിലപാടുകളും നുണകളും, ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ചരിത്രം എന്നീ വിഷയങ്ങളിൽ വിജയകൃഷ്ണൻ, പി.ടി.കുഞ്ഞുമുഹമ്മദ്, വി.കെ.ജോസഫ്, ജി.പി.രാമചന്ദ്രൻ, വി.എസ്.ബിന്ദു, ഡോ.ജി.ആർ സന്തോഷ്കുമാർ, മധു ജനാർദ്ദനൻ, ഷെറി, ടി.ദീപേഷ്, ജിനേഷ്കുമാർ എരമം, പി.പ്രേമചന്ദ്രൻ എന്നിവർ ക്ലാസ്സുകളെടുത്തു.

## ഗ്രാമം ഫിലിം സൊസൈറ്റി




കല്ലറ ഗ്രാമം ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ 2015 ഡിസംബർ 23,24,25 തീയതികളിൽ Understanding Cinema എന്ന പേരിൽ മൂന്നുദിവസം നീണ്ടുനിന്ന ചലച്ചിത്രാസ്വാദന ക്യാമ്പ് നടത്തി. 50 വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു. കെ.ആർ.മോഹനൻ, ഡോ.സി.എസ്. വെങ്കിടേശ്വരൻ, അലൻസിയർ, വി.കെ.ജോസഫ്, ഡോ. ജി.ആർ.സന്തോഷ്കുമാർ, വി.എസ്. ബിന്ദു തുടങ്ങിയവരാണ് ക്ലാസ്സ് കൈകാര്യം ചെയ്തത്. വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ക്യാമ്പ് നാട്ടുകാരുടെയും സ്കൂളധികൃതരുടെയും പങ്കാളിത്തംകൊണ്ടും സഹകരണംകൊണ്ടും ശ്രദ്ധേയമായിരുന്നു. എല്ലാദിവസവും രാത്രി ക്ലാസിക് ചലച്ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു.

## തിരൂർ ഫ്രെയിം ഫിലിം സൊസൈറ്റിയുടെ മറാഠി ഫിലിം ഫെസ്റ്റ്

27-12-2015 ന് ഒരു ദിവസത്തെ മറാഠി ഫിലിം ഫെസ്റ്റിവൽ നടന്നു. വാസ്തുപുരുഷ്, ദോംബിരാലി ഫാസ്റ്റ്, ജോഗ്വാ, കോർട്ട്, ഫാൻഡ്രി എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

## ബാങ്ക്മെൻസ് കോഴിക്കോട്

ജനുവരി 25,26 തീയതികളിൽ മിനി ഫിലിം ഫെസ്റ്റ്. അഞ്ചു ചിത്രങ്ങൾ പ്രദർശിപ്പിച്ചു. പി.കെ. നായരുടെ ഓർമ്മയ്ക്കായി ഏപ്രിൽ 5 ന് സെല്ലുലോയ്ഡ് മാൻ പ്രദർശിപ്പിച്ചു.

## ബാനർ തിരുവനന്തപുരം

മാർച്ച്20 ന് രാമചന്ദ്രബാബു തെരഞ്ഞെടുത്ത നാലുചിത്രങ്ങൾ - സെവൻത് സീൽ, ഗബ്ബെ, ത്രോൺ ഓഫ് ബ്ലഡ്, ഗ്രേറ്റ് ഡിക്റ്റേറ്റർ - പ്രദർശിപ്പിച്ചു. ഏപ്രിൽ 10 ന് ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലുമുണ്ടായിരുന്നു.

## രശ്മി ചലച്ചിത്രോത്സവം

മലപ്പുറം രശ്മി ഫിലിം സൊസൈറ്റിയുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം 2016 മാർച്ച് 12,13 തീയതികളിൽ മലപ്പുറം



ടൗൺഹാളിൽ നടന്നു. പ്രശസ്ത ചലച്ചിത്ര സംവിധായകൻ കമൽ മേള ഉദ്ഘാടനം ചെയ്തു. രശ്മി ചലച്ചിത്ര വാർത്തയുടെ ചലച്ചിത്രോത്സവപ്പതിപ്പ് കവി റഫീക്ക് അഹമ്മദ് പ്രകാശനം ചെയ്തു. 'ഒറ്റാൽ' ആയിരുന്നു ഉദ്ഘാടനചിത്രം.

## കോഴിക്കോട് അശ്വനി ഫിലിം സൊസൈറ്റി - റഷ്യൻ ഫിലിം ഫെസ്റ്റിവൽ

2015 ഡിസംബർ 27 മുതൽ 31 വരെ Battleship Potemkin, The Strike തുടങ്ങി 10 ക്ലാസ്സിക്കുകളും The Postman's White Nights, Laviathan ഉൾപ്പെടെ 10 സമകാലീനചിത്രങ്ങളും പ്രദർശിപ്പിച്ചു. എല്ലാദിവസവും ഓപ്പൺഫോറവും സെമിനാറുകളും ഉണ്ടായിരുന്നു.

## പാഞ്ചജന്യം ഫിലിം ഫെസ്റ്റ്

ചിറ്റൂർ പാഞ്ചജന്യം ഫിലിം സൊസൈറ്റിയുടെ 9-മത് പാഞ്ചജന്യം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2016 ജനുവരി 22 മുതൽ 28 വരെ ചിറ്റൂർ ചിത്രാഞ്ജലി തിയേറ്ററിൽ നടന്നു. സംസ്കാരം, അസ്തിത്വം, അധിനിവേശം എന്നതായിരുന്നു ഫോക്കസ്. സമകാലീന മലയാളം, ഇന്ത്യൻ, ലോകസിനിമ, സംസ്കാരം എന്നീ വിഭാഗങ്ങളിലായി 33 ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ലീന മണിമേഖല മേള ഉദ്ഘാടനം ചെയ്തു. എല്ലാദിവസവും ഓപ്പൺ ഫോറം ഉണ്ടായിരുന്നു. ലീന മണിമേഖല, അൻവർ അലി, പി.എൻ. ഗോപികൃഷ്ണൻ, കെ.എം. കമൽ, മുസഫർ അഹമ്മദ് എന്നിവർ പല ദിവസങ്ങളിലായി ഓപ്പൺ ഫോറത്തിൽ പങ്കെടുത്തു. സലിം മുഹമ്മദ്, പി.കെ ബിജു എം.പി, കാളിദാസ് പുതമന എന്നിവരായിരുന്നു സമാപനച്ചടങ്ങിലെ അതിഥികൾ.

## കൊച്ചി മെട്രോ ഫിലിം സൊസൈറ്റി

യുദ്ധങ്ങളും ആഭ്യന്തരകലാപങ്ങളും മനുഷ്യനെ അവൻ ജനിച്ചുവളർന്ന മണ്ണിൽനിന്നും പിഴുതെറിയപ്പെടുന്നു. ഉറ്റവരും ഉടയവരും സ്വന്തം സംസ്കാരംപോലും നഷ്ടപ്പെട്ട ഇവർ ചേക്കേറാൻ ഇടംതേടി അലയുന്നു. ഒരു പലായനത്തിൽ കടൽമാർഗം യൂറോപ്പിലേക്കു കടക്കാനുള്ള ശ്രമത്തിൽ ബോട്ടുയാത്രയ്ക്കിടയിൽ ജീവൻ നഷ്ടപ്പെട്ട് കരയ്ക്കടിഞ്ഞ മൂന്നുവയസ്സുകാരൻ ഐലേൻ എന്ന കുട്ടിയുടെ ചിത്രം ഞെട്ടലോടെയാണ് ലോകം കണ്ടത്. കൊച്ചി മെട്രോ ഫിലിം സൊസൈറ്റി ഫെബ്രുവരി 21, 22 തീയതികളിൽ പ്രദർശിപ്പിച്ച റഫ്യൂജി ഫിലിംസ് ഈ സന്ദർഭത്തിൽ ശ്രദ്ധേയമായി. മെട്രോയുടെ മറ്റൊരു പ്രധാന പരിപാടിയായിരുന്നു ചലച്ചിത്രജീവിതത്തിൽ 40 വർഷം പൂർത്തിയാക്കിയ ശ്രീ. റ്റി.വി.ചന്ദ്രനെ ആദരിച്ചത്.



## തൃശ്ശൂർ അന്താരാഷ്ട്ര ചലച്ചിത്രോത്സവം (IFFT2016)





തൃശ്ശൂർ ജനസംസ്കാര ചലച്ചിത്ര കേന്ദ്രത്തിന്റെ IFFT 2016 ജനുവരി 22 മുതൽ 28 വരെ കൈരളി തിയേറ്റർ, സെന്റർ ഫോർ മീഡിയാ സ്റ്റഡീസ്, നെഹ്റു പാർക്ക് എന്നിവിടങ്ങളിലാണ് നടന്നത്. ഇതോടൊപ്പംതന്നെ ജില്ലയിലെ 12 കേന്ദ്രങ്ങളിൽ കൂടി പ്രദർശനം സംഘടിപ്പിച്ചിരുന്നു.സ്ത്രീ സംവിധായകരുടെ സാന്നിദ്ധ്യവും സ്ത്രീകേന്ദ്രിത പ്രമേയവുമായിരുന്നു മേളയുടെ ഫോക്കസ്. ഗോവ (IFFI) തിരുവനന്തപുരം (IFFK) മേളകളിൽ പ്രദർശിപ്പിച്ചവയിൽനിന്നും തെരെഞ്ഞെടുത്ത 50 സിനിമകളാണ് പ്രദർശിപ്പിച്ചത്. പുതിയ സംവിധായകരുടെ ആദ്യസിനിമകളുടെ പാക്കേജ് ഉണ്ടായിരുന്നു. മേളയുടെ അനുബന്ധപരിപാടികളായി പെയിന്റിംഗ് പ്രദർശനം, പെയിന്റിംഗ് വർക്ക്ഷോപ്പ്, 8-ാമത് പവിത്രൻ സ്മാരക പ്രഭാഷണം, ചർച്ചകൾ, ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി സെമിനാർ, മൂന്നുദിവസത്തെ ഫിലിം വർക്കഷോപ്പ് ഇവയും സംഘടിപ്പിച്ചിരുന്നു.

## ഓപ്പൺ ഫ്രെയിം 4-ാം അന്താരാഷ്ട്ര ചലച്ചിത്രമേള



2016 ജനുവരി 23 മുതൽ 26 വരെ പയ്യന്നൂർ ദിവ്യാ തിയേറ്ററിൽ വച്ച് നടന്ന അന്താരാഷ്ട്ര ചലച്ചിത്രമേള ചിത്രങ്ങളുടെ മികവുകൊണ്ടും പ്രേക്ഷകരുടെ താല്പര്യപൂർവമായ സാന്നിധ്യം കൊണ്ടും ശ്രദ്ധേയമായിരുന്നു. മേളയിൽ 16 ഫീച്ചർ സിനിമകളും നാല് ഹ്രസ്വ സിനിമകളും പ്രദർശിപ്പിച്ചു. രാജ്യാന്തര മേളകളിൽ പ്രദർശിപ്പിച്ചവയിൽനിന്ന് തിരഞ്ഞെടുത്ത ചിത്രങ്ങളായാലും മറ്റു ചിത്രങ്ങളായാലും പയ്യന്നൂർ മേളയിലെ എല്ലാ ചിത്രങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ രാഷ്ട്രീയപ്രാധാന്യമുള്ളവയായിരുന്നു. കുടിവെള്ളം സ്വകാര്യകമ്പനികൾക്ക് തീറെഴുതുന്നതിനെതിരെ കൊച്ചബാംബയിൽ നടന്ന അധിനിവേശവിരുദ്ധസമരത്തിന്റെ പശ്ചാത്തലത്തിലുള്ള 'ഈവൻ ദി റെയിൻ', മനുഷ്യൻ നടത്തുന്ന പ്രകൃതിനശീകരണത്തിന്റെ ദുരന്തമാർന്ന രാഷ്ട്രീയം ചെന്നായകളുടെ ബിംബങ്ങളിലൂടെ അവതരിപ്പിക്കുന്ന 'വുൾഫ് ടോടം', നാസി കൂട്ടക്കൊലകളുടെ വേരുകൾ തേടിപ്പോവുകയും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയും ചെയ്യുന്ന 'ലാബിരിന്ത് ഓഫ് ലൈസ്', സാമൂഹികാചാരങ്ങളുടെ മറവിൽ സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രം എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് തുറന്നുകാട്ടുന്ന 'ഡിഫ്രറ്റ്', അടിമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ലോകങ്ങളെ ഒരമ്മയെയും മകളെയും മുൻനിർത്തി പറയുന്ന ബ്രസീലിൽനിന്നുള്ള സെക്കന്റ് മദർ, ഇറാനിയൻ രാഷ്ട്രീയത്തിന്റെ പരിച്ഛേദം നർമ്മത്തോടെ കൈകാര്യംചെയ്യുന്ന 'ടാക്സി'യും ശ്രദ്ധിക്കപ്പെട്ടു.

## FIRST FFSI INTERNATIONAL TRAVELLING FILM FESTIVAL

താഴെപറയുന്ന ചിത്രങ്ങൾ കേരളത്തിലെ ഫിലിം സൊസൈറ്റികൾക്ക് പ്രദർശനത്തിനായി ലഭ്യമാക്കുന്നു.

*Title / Country / Year of Release / Duration / Director*

1. ANT STORY/Bangladesh/2013/97 m./Mostafa Sarwar Farooki
2. MOTHER OF ASPHALT/Croatia/2010/107 m./Dalibor Matanic
3. IHUSH! GIRLS DON'T SCREAM/Iran/2013/113 m./Pouran Derakshandeh
4. AVALON/Sweden/2012/79 m./Axel Peterson
5. RED COTTON SILK FLOWER/Myanmar/2015/125 m./Wynn Kyi
6. SEX DRUGS AND TAXATION/Denmark/2013/110 m./Christoffer Boe
7. WARRIORS OF THE STEPPE/Kazakhstan/2012/90 m./Akan Satayev
8. THE KIDS FROM THE MARX AND ENGELS STREET/Montenegro/2015/96m./Nikola Vukcevic
9. FALSIFIER/Serbia/2013/90 m./Goran Markovic
10. BADHSHALA/Nepal/2012/100 m./Manoj Pandit
11. WE COME FROM FAR AWAY/ Argentina/2013/103 m./Ricky piterbarg
12. THREE DOTS/Afganistan/2004/ 45 m./
    PLAYING THE TARR/Afganistan/2008/35 m./Roya Sadat
13. THE BET COLLECTOR/Philippines/2006/102 m./Jeffrey Jeturian

## അറിയിപ്പുകൾ

ഫിലിം സൊസൈറ്റികൾ എത്രയും നേരത്തേ സബ്സ്ക്രിപ്ഷൻ അടച്ച് അഫിലിയേഷൻ പുതുക്കേണ്ടതാണ്.

ഫിലിം സൊസൈറ്റിയുടെ 2015-2016 വർഷത്തെ പ്രവർത്തനത്തിന്റെ റിപ്പോർട്ട് അടിയന്തിരമായി ഫെഡറേഷന് അയക്കണം.

Printed and published by V K Joseph, Secretary on behalf of FFSI Kerala Sub-Region, Flat No.3, Sandunes Apartments, Chirakkulam Road Statue, Thiruvananthapuram 695 001 | Phone: 0471.3274557 | E-mail: ffsikeralam@gmail.com (For private circulation only)